പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4550 22.07.2015-ൽ മറുപടിയ്ക്ക്

## സ്പോർട്സ് ക്വാട്ടാ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓരോ വർഷവും എത്ര കായികതാരങ്ങൾക്കാണ് സർക്കാർ സ്പോർട്സ് ക്വാട്ടയിൽ ജോലി നൽകുന്നത് ; | (എ) | 50 കായികതാരങ്ങൾക്കാണ് ഓരോ വർഷവും സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകുന്നത് |
| (ബി) | 2010 മുതലുള്ള നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുപ്രകാരം എത്ര കായികതാരങ്ങൾക്ക് ജോലി നൽകാനുണ്ട് ; | (ബി) | 2010 മുതലുള്ള സ്പോർട്സ് ക്വാട്ടാ നിയമനം ഓൺ ലൈൻ ആക്കുന്നതിന്റെ നടപടികൾ അവസാനഘട്ടത്തിലാണ്. 2010 മുതൽ ഓരോ വർഷവും 50 കായികതാരങ്ങൾക്കു വീതം ജോലി നൽകാനുണ്ട്. |
| (സി) | കായികതാരങ്ങൾക്കുള്ള ഒഴിവുകൾ യഥാസമയം കണക്കാക്കി ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ? | (സി) | സ്വീകരിച്ച് വരുന്നു. സർക്കാർ സർവ്വീസിൽ 2010 മുതൽക്ക് കായികതാരങ്ങൾക്ക് സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുന്നതിലേയ്ക്കായി നാഷണൽ ഇൻഫർമാറ്റിക് സെന്ററുമായി ചേർന്ന് ഓൺലൈൻ ആക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. ഓരോ വർഷവും 50 വീതം കായികതാരങ്ങൾക്കാണ് നിയമനം നൽകുന്നത്. കായികതാരങ്ങളുടെ കായികമികവുകൾ മാനദണ്ഡാടിസ്ഥാനത്തിൽ കണക്കാക്കി അവരുടെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാന ത്തിലായിരിക്കും നിയമനം നൽകുന്നത്. സ്പോർട്സ് ക്വാട്ടാ നിയമനം സുതാര്യമാക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ നടപടികൾ തുടർന്നുള്ള വർഷങ്ങളിലും പ്രയോജനപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ